## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 879 | 29/09/2011 ൽ<br>മറുപടിക്ക് |

### വിദ്യാഭ്യാസ പാക്കേജിൽ ഉൾപ്പെടുത്തിയ വിഷയങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ.എം. ഷാജി<br>ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ മേഖലയുടെ ഗുണപരമായ വികസനം ലക്ഷ്യം വച്ച് വിദ്യാഭ്യാസ പാക്കേജ് ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിൽ എന്തൊക്കെ വിഷയങ്ങൾ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ശമ്പളമില്ലാതെ ജോലിനോക്കുന്ന അദ്ധ്യാപകരുടെ പ്രശ്നവും അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതുമടക്കം എയ്ഡഡ് സ്കൂളിലെ സമഗ്ര പരിഷ്കരണം സംമ്പന്ധിച്ച വിഷയങ്ങൾ |
| (സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;<br><br>(ഡി) ഇതിനായുള്ള അഭിപ്രായ രൂപീകരണവുമായി ബന്ധപ്പെട്ട് ഏതൊക്കെ മേഖലകളിലുള്ള വിദഗ്ദ്ധരുമായി ചർച്ച നടത്തിയിട്ടുണ്ട്;<br><br>(ഇ) ഇനി ഇക്കാര്യത്തിൽ ഏതെങ്കിലും വിഭാഗവുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) (ഡി) & (ഇ) ഇതു സംബന്ധിച്ച് നിയോഗിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് മാനേജ്മെന്റു പ്രതിനിധികളും അദ്ധ്യാപക യൂണിയനുകളുമായി ചർച്ച നടത്തുന്നതിന് ബഹു. വിദ്യാഭ്യാസ മന്ത്രി കൺവീനറായ ഒരു മന്ത്രിസഭ ഉപസമിതിയെ നിയമിച്ചു. ഉപസമിതി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കരടു പാക്കേജിന് അന്തിമരൂപം നൽകുകയും 28-9-2011 നു കൂടിയ മന്ത്രിസഭാ സമിതി പാക്കേജിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ